മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— സ്റ്റാഫ് സെലക്ഷൻ രൂളനുസരിച്ച് ഇതിലും നിയമനം നടത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ *(Diwan Peishkar)*.— അങ്ങിനെയാണ ചെയ്യുന്നത്. ഒരു ഈഴവൻ, ഒരു കുസ്ത്യാനി, ഒരു അമ്പല വാസി എന്നുവേണ്ട എല്ലാ ജാതിക്കാരേയും വച്ചിട്ടുണ്ട്. ഇനി ജാതിയില്ലാഞ്ഞിട്ടും ഒഴവില്ലാഞ്ഞിട്ടും വെക്കാത്തതാണ്.

Anchal Mail—carrying of—Palanji to Trichur—arrangements for.

218. Mr. T. C. Iyyukutty *(Pazhanji)*.—Will the Government be pleased to state what steps have been taken for carrying Anchal Mail from Palanji to Trichur by bus?

Mr. K. P. Kannan Nayar *(Joint Secretary to Government)*.—The subject is under consideration.

Mr. T. C. Iyyukutty *(Pazhanji)*.—What is the practical difficulty which stands in the way?

Mr. K. P. Kannan Nayar *(Joint Secretary to Government)*.—I may say for the information of the Member that orders have been passed to bring this into effect from next year onwards. The only difficulty this year is want of funds. The Head of the Department has been asked to provide for this in the next year's budget.

Branch Anchal Offices—particulars regarding.

ഠഫൻ. മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.—

താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെൻറു സഭയം മറുപടി പറയുമോ;—

(എ) സ്റ്റേറിൽ എത്ര ബ്രാഞ്ച് അഞ്ചൽആഫീസുകളുണ്ട്;

(ബി) ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരുടെ ശമ്പളത്തോത് എങ്ങനെ;

(സി) അവക്ക പെൻഷനബിൾ സപ്പീസാണോ;

(ഡി) അവർ വല്ല സെക്യൂരിട്ടിയും കെട്ടിവെക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) സബ്ബാഫീസ് മാസ്റ്റർമാരെപ്പോലെതന്നെ പണമിടപെട്ട കാര്യങ്ങളിലും മറും അവക്ക് ഉത്തരവാദിത്വമുണ്ടോ;

(എഫ്) കൊല്ലത്തിൽ ഒരു ദിവസമെങ്കിലും ഒഴിവോ സ്ഥലം വിടുവാൻ സ്വാതന്ത്ര്യമോ അവക്കുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അവരുടെ കീഴിൽ ജോലിചെയ്യുന്ന ശിപായിമാർക്കും ഓട്ടക്കാർക്കും (Runners) ഉള്ള ശമ്പളത്തോതെന്ത്;

(ഛ) ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരുടെ ജോലിസമയവും മറ്റും ഭേദപ്പെടുത്തി പൊതുജനങ്ങൾക്കു കൂടുതൽ സൌകര്യം ഉണ്ടാക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ;

(ഝ) ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരുടെ ദയനീയസ്ഥിതിയെപ്പറ്റി ഗണിച്ച് അവർക്കു ശമ്പളക്കൂടുതൽ നൽകുവാനും പെൻഷനബിൾ സർവ്വീസാക്കുവാനും ഗവൺമെൻറിനു ദയവുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.—

(ഫ) (എ) 80 ബ്രാഞ്ച് അഞ്ചൽആഫീസ്സുകൾ ഉണ്ട്.

(ബി) ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാർക്കു കൊടുത്തുവരുന്നതു് അലവൻസാണ്, ശമ്പളം അല്ല. അലവൻസിൻെറ തോതു താഴെ ചേർക്കുന്നു.

അഞ്ചൽമാസ്റ്റർമാരുടെ എണ്ണം			അലവൻസിൻെറ തോതു
ഫ	..	..	ഫള കു.
8	..	..	വ കു.
ഫഫ	..	..	ൈ കു.
ഫ8	..	..	ന്യ കു.

(സി) അവർക്കു പെൻഷൻ ഇല്ല. അലവൻസ് കണ്ടിഞ്ചൻസിയിൽനിന്നാണു കൊടുക്കുന്നതു്.

(ഡി) ജാമ്യം തൊക്കമായി ൈള കു. കെട്ടിവെക്കേണ്ടതുണ്ട്.

(ഇ) ഉത്തരവാദിത്വമുണ്ട്.

(എഛ്) അനുവാദംകൂടാതെ ജോലിക്കു ഹാജരാകാതിരിപ്പാനോ സ്ഥലം വിടുവാനോ പാടുള്ളതല്ല.

(ജി) ശിപായിയുടെ മുതുങ്ങിയ ശമ്പളം ഫവ കു. യും ഓട്ടക്കാരൻെറ ശമ്പളം ഫ0 കു. യും ആകുന്നു.

(ഛ) അന്യരാജ്യങ്ങളിലെ നടപടി അനുസരിച്ച് ഇവിടെയും ചെയ്തുകൊടുക്കുന്നുണ്ട്.

(ഝ) അലവൻസു കൂട്ടുന്ന സംഗതിയെപ്പറ്റി അന്വേഷണം നടത്തുന്നതാണ്. പെൻഷനബിൾ സർവ്വീസ് ആക്കുവാൻ തരമില്ല. മറ്റു ജോലി ഉള്ളവരേയോ വേറെ ഉപജീവനമാർഗ്ഗമുള്ളവരേയോ ആണ്

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരായി നിയമിക്കുന്നതു്. അവർ full time ഉദ്യോഗസ്ഥന്മാർ അല്ല. അതുകൊണ്ടാണ് അവരുടെ സർവ്വീസ് പെൻഷനബിൾ ആക്കാത്തതു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഏറെക്കാലം ഉപയോഗിക്കുന്നില്ലെങ്കിലും ഗവൺമെൻറുവാഗ്ദത്തം ചെയ്തതുകൊണ്ടു് അവർക്കു സ്ഥലംവിട്ടുപോകാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. ജോലി സംബന്ധമായ സ്ഥലം വിട്ടുപോകാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. രാമൻമേനോൻ *(Mulakunnathukavu)*.— അഞ്ചൽ ആഫീസു വിട്ടുപോകാൻ പാടില്ലെന്നോ സ്ഥലംവിട്ടുപോകാൻ പാടില്ലെന്നോ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— സ്ഥലംവിടുവാൻ പാടില്ലെന്നു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഇവരുടെ അലവൻസു് വർദ്ധിപ്പിക്കുവാൻ മേലുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— അതു് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— അനേക്ഷിച്ചു് അടുത്ത വർഷത്തിൽ നടത്താമെന്നു പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— അനേക്ഷിച്ചു തീർച്ചയാക്കാതെ പറയാൻ തരമില്ല.

Medical Advisory Committee—Report on Nemmara Hospital.

220. Mr. R. Viswanathan Chettiar *(Nemmara)*.—Will the Government be pleased to place on the Council Table the report of the Medical Advisory Committee about the Nemmara Hospital?

Mr. K. P. Kannan Nayar *(Joint Secretary to Government)*.—The Medical Advisory Committee has not submitted any report about the Nemmara Hospital.

മിസ്റ്റർ ആർ. വിശ്വനാഥൻ ചെട്ടിയാർ *(Nemmara)*.— അഡ്വൈസറി കമ്മിറ്റി മെമ്പർമാർ നെമ്മാറ ആശുപത്രി ഇൻസ്പെക്ട് ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ *(Joint Secretary to Government)*.— ഇൻസ്പെക്ട് ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly